(എ) കായംകുളം നിയോജകമണ്ഡലത്തിലെ പത്തിയൂർ-കരിപ്പുഴ പാലങ്ങൾക്ക് സമീപം ബണ്ട് നിർമ്മിച്ച് നെൽക്കൃഷിക്ക് സഹായകരമായ നില പാട് സ്വീകരിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് പത്തിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റും നെല്ലുല്പാദക സമിതിയും നല്കിയ നിവേദനങ്ങൾ ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനാവശ്യമായ എന്ത് നടപടികളാണ് ബന്ധ പ്പെട്ട വകുപ്പ് ഇതുവരെ കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ആയിരത്തോളം ഏക്കർ നെൽക്കൃഷി നടത്തുന്ന ഈ വയലിൽ നെൽക്കൃഷിയുടെ വികസനത്തിനായി ജലസേചന വകുപ്പ് ഇനി നടപ്പിലാക്കു വാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതിനാവശ്യമായ പണികളുടെ ദർഘാസ് വിളിക്കുകയും, കരാർ പത്തിയൂർ-കരിപ്പുഴ-ഉള്ളിട്ടപുഞ്ച കർഷകസമിതിക്ക് നല്കുന്നതിന് തീരുമാനവും ആയിട്ടുണ്ട്.

(സി) പത്തിയൂർ-കരിപ്പുഴ-ഉള്ളിട്ടപുഞ്ചയുടെ ഉദ്ധാരണപണികൾ ക്കായി 82.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ചെങ്ങന്നൂർ മൈനർ ഇറിഗേഷൻ ഡിവിഷനിൽ തയ്യാറായിട്ടുണ്ട്. ഇതിന് ബഡ്ജറ്റിൽ തുക ലഭ്യമാകുന്ന മുറക്ക് പണി നടപ്പിലാക്കുവാനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

27 (193) ജലഅതോറിറ്റിക്ക് സമാന്തരമായി ബദൽ ഏജൻസി സംവിധാനം

ശ്രീ. സത്യൻ മൊകേരി :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പി. നാരായണൻ :
ശ്രീ. കെ. പ്രകാശ് ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേ ചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലഅതോറിറ്റിക്ക് സമാന്തരമായി ഒരു ബദൽ ഏജൻസി സംവിധാനം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ഏജൻസിയുടെ പ്രവർത്തന ലക്ഷ്യങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഈ സംവിധാനത്തിന് ലോകബാങ്ക് സഹായം ലഭിക്കുമോ;

(ഡി) ഉണ്ടെങ്കിൽ എന്തെല്ലാം സഹായങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇതിനായി ഒരു ബദൽ ഏജൻസി ഇല്ല. എന്നാൽ പൊതുജന പങ്കാളിത്തത്തോടെ കേരളത്തിലെ ഗ്രാമീണമേഖകളിലേക്ക് ശുദ്ധജലവിതര ണം, ജലനിർഗമനം, ശുചീകരണം, പൊതുജനാരോഗ്യം, കാച്ച്മെന്റ് ഏരിയ വാട്ടർഷെഡ് മാനേജ്മെന്റ് എന്നിവ ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി ലോകബാങ്ക് ധനസഹായത്തോടെ ഒരു പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ട്. ഇതിന്റെ മേൽനോട്ടത്തിനായി സ്വയംഭരണ സ്വഭാവമുള്ള സ്റ്റേറ്റ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) പൊതുജനപങ്കാളിത്തത്തോടെ ആവശ്യാനുസരണ ജലവിതരണം, ഉപഭോക്തൃ കമ്മിറ്റിക്കും, പഞ്ചായത്തുകൾക്കും കൂടുതൽ അധികാരം, ലോകബാങ്ക് സഹായത്തോടെ പദ്ധതികൾ നടപ്പിലാക്കൽ, സാനിട്ടേഷൻ ഡ്രെയിനേജ്, ആരോഗ്യം, കാച്ച്മെന്റ് ഏരിയ ട്രീറ്റ്മെന്റ്, പരിസ്ഥിതി സംരക്ഷണം ശുദ്ധജല മാനേജ്മെന്റ് എന്നിവ ഇതിന്റെ ലക്ഷ്യങ്ങളാണ്.

(സി) ലഭിക്കും.

(ഡി) ലോകബാങ്ക് പദ്ധതിയുടെ അടങ്കൽ തുക ഏകദേശം 80 മില്യൻ അമേരിക്കൻ ഡോളറാണ്. ഇതിൽ 60 മില്യൺ ഡോളർ ലോകബാങ്ക് വിഹിതമാണ്. ഇത് ഗ്രാമീണ ശുദ്ധജലവിതരണവും, പരിസ്ഥിതി സംരക്ഷണവും പദ്ധതികൾ ആവിഷ്കരിച്ച് ഉപഭോക്താവിന്റെയും, ഗ്രാമപഞ്ചായത്തിന്റെയും സർക്കാരിന്റെയും പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുന്നതിന് ഉപയോഗിക്കാം.

28 (194) കേരള വാട്ടർ അതോറിറ്റിയിൽ കരാർ വ്യവസ്ഥയിൽ നിയമനം

ശ്രീ. എം.കെ. മുനീർ :
ശ്രീ കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിട്ടിയിൽ കരാർ വ്യവസ്ഥയിൽ നിയമിച്ച എത്രപേരെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ഥിരപ്പെടുത്തിയെന്ന് വെളിപ്പെടുത്തുമോ;

(ബി) വാട്ടർ അതോറിട്ടിയിലെ ഏതെല്ലാം തസ്തികകളിലാണ് കരാർ വ്യവസ്ഥയിൽ നിയമനം നടത്താൻ ഇപ്പോൾ ഉദ്ദേശിക്കുന്നത്;

(സി) ഇത്തരം നിയമനം നടത്തിയശേഷം ഇവരെ സ്ഥിരപ്പെടുത്തുന്നതിന് പി.എസ്.സി. നിയമനം സംബന്ധിച്ച വ്യവസ്ഥകളുടെ ലംഘനമായി പരിഗണിക്കില്ലേ എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റിയിൽ കരാർ വ്യവസ്ഥയിൽ നിയമിച്ച ആരെയും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ഥിരപ്പെടുത്തിയിട്ടില്ല.

(ബി) കേരള വാട്ടർ അതോറിറ്റിയിൽ കരാർ വ്യവസ്ഥയിൽ നിയമനം നടത്താൻ ഇപ്പോൾ ഉദ്ദേശമില്ല.

(സി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly